പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2732 **28-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ കുടിവെള്ള കമ്പനിയായ ഹില്ലി അക്വയുടെ കപ്പാസിറ്റി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സർക്കാർ ഉടമസ്ഥതയിലുള്ള കുടിവെള്ള കമ്പനിയായ ഹില്ലി അക്വയുടെ കപ്പാസിറ്റി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; കമ്പനിയുടെ വാർഷിക വിറ്റുവരവ് എത്രയാണെന്നും നിലവിൽ എവിടെയൊക്കെയാണ് കമ്പനിയുടെ നിർമ്മാണ കേന്ദ്രങ്ങൾ ഉള്ളതെന്നും വ്യക്തമാക്കാമോ;

മറുപടി: നിലവിൽ കേരളത്തിൽ ഇടുക്കി ജില്ലയിലെ തൊടുപുഴയിലും തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിലുമായി ഹില്ലി അക്വായ്ക്ക് രണ്ടു നിർമ്മാണകേന്ദ്രങ്ങളുണ്ട്. അരുവിക്കര പ്ലാന്റിന്റെ ഉൽപാദനം മണിക്കൂറിൽ 3000 ലിറ്ററും തൊടുപുഴ പ്ലാന്റിന്റെ ഉത്പ്പാദന കപ്പാസിറ്റി മണിക്കൂറിൽ 4400 ലിറ്ററുമാണ്. 2025-26 സാമ്പത്തികവർഷത്തിൽ അരുവിക്കര പ്ലാന്റിലെ ആകെ വിറ്റുവരവ് 4.13 കോടി (GST ഒഴികെ) രൂപയും തൊടുപുഴ പ്ലാന്റിലെ ആകെ വിറ്റുവരവ് 5.33 കോടി (GST ഒഴികെ) രൂപയുമാണ്.

(ബി) ഹില്ലി അക്വയുടെ കുപ്പിവെള്ളത്തിന്റെ ലഭ്യത കേരളത്തിൽ എല്ലാ ജില്ലകളിലും എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ;

മറുപടി: തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള ജില്ലകളിൽ നിലവിൽ ഹില്ലി അക്വാ കുപ്പിവെള്ളത്തിന് വിതരണക്കാരുണ്ട്. തൊടുപുഴ, അരുവിക്കര എന്നിവിടങ്ങളിലെ പ്ലാന്റുകളിൽ നിന്നാണ് ഉൽപ്പാദനം നടക്കുന്നത്. ഫ്രൈറ്റ് ചാർജ്ജ് കൂടുതൽ ആയതുകാരണം വടക്കൻ ജില്ലകളായ വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ നിലവിൽ വിതരണം നടത്തുന്നില്ല. പുതിയ വിതരണക്കാരെ കണ്ടെത്തി ഈ പ്രശ്നം പരിഹരിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും കുപ്പിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേരളത്തിലെ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും ഹില്ലി അക്വയുടെ കുപ്പിവെള്ളം വിതരണം ചെയ്യുന്നത് സംബന്ധിച്ച് റെയിൽവേയുമായി ധാരണയിൽ എത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ?

മറുപടി: കേരളത്തിലെ എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ഹില്ലി അക്വാ കുപ്പിവെള്ളം വിൽക്കുന്നതിനായി സതേൺ റെയിൽവേയുമായി (Southern Railway) 19.06.2024 മുതൽ ഔദ്യോഗികമായി ധാരണയിലായിട്ടുണ്ട്. കൂടാതെ ഇതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. ഇതിന്റെ

ഭാഗമായി നിലവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം തുടങ്ങിയ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ ഹില്ലി അക്വാ കുപ്പിവെള്ളം വിൽപന നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ